"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- വടക്കാഞ്ചേരി നഗരസഭയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട, ഭവനരഹിതരായ 100 ഗുണഭോക്താക്കൾക്ക് 2024-25, 2025-26 വർഷങ്ങളിലായി 4.00 ലക്ഷം രൂപ വീതം എസ്.സി.പി. ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.666/2025/LSGD　തീയതി,തിരുവനന്തപുരം, 10-03-2025

---

പരാമർശം:-
1. വടക്കാഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 29.05.2024 ലെ G3-9235/19 നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ യോഗതീരുമാനം ഖണ്ഡിക നം. 4.37

**<u>ഉത്തരവ്</u>**

വടക്കാഞ്ചേരി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി വിവിധ പദ്ധതികളിൽ 343 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 160 ഭവനങ്ങൾ പൂർത്തിയായി. 183 എണ്ണത്തിന്റെ നിർമ്മാണം പുരോഗതിയിലാണ്. പുതിയ പി.എം.എ.വൈ.(യു) ലിസ്റ്റ് നിലവിൽ വന്നിട്ടില്ലാത്തതിനാൽ ലൈഫ് ഭവന പദ്ധതി ലിസ്റ്റിൽ നിന്ന് വിവിധ കാരണങ്ങളാൽ നീക്കം ചെയ്ത 161 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിൽ നിന്ന് അപേക്ഷ സ്വീകരിച്ച് ഫീൽഡ് വെരിഫിക്കേഷൻ പൂർത്തിയാക്കുകയും ഇതിൽ നിന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ട 10 സെന്റിൽ താഴെ ഭൂമിയുള്ള ലൈഫ് മാനദണ്ഡങ്ങൾ പാലിക്കുന്ന ഭവനരഹിതരായ 100 ഗുണഭോക്താക്കളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് 2024-25, 2025-26 വർഷങ്ങളിലായി 4.00 ലക്ഷം രൂപ വീതം എസ്.സി.പി. ഫണ്ടിൽ നിന്ന് അനുവദിക്കാൻ അനുമതി നൽകുന്നതിനായി വടക്കാഞ്ചേരി നഗരസഭാ കൗൺസിലിന്റെ തീരുമാനം സഹിതം പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനായി സമർപ്പിച്ചിരുന്നു.

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025 ലെ

യോഗം ഈ വിഷയം വിശദമായി പരിശോധിച്ചു. വടക്കാഞ്ചേരി നഗരസഭയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട, 10 സെന്റിൽ താഴെ ഭൂമിയുള്ള, ലൈഫ് മാനദണ്ഡങ്ങൾ പാലിക്കുന്ന, ഭവനരഹിതരായ 100 ഗുണഭോക്താക്കൾക്ക് 2024-25, 2025-26 വർഷങ്ങളിലായി ഭവനനിർമ്മാണത്തിന് 4.00 ലക്ഷം രൂപ വീതം എസ്.സി.പി. ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് താഴെപ്പറയുന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ഇങ്ങനെ നൽകുന്ന ഭവനം ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭൗതിക നേട്ടത്തിൽ ലിസ്റ്റ് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
സി ഇ ഓ ,ലൈഫ് മിഷൻ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡി പി ചീഫ്, പ്ലാനിംഗ് ബോർഡ് തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 11-03-2025 11:26:50
സെക്ഷൻ ഓഫീസർ